**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1325** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഹെറിറ്റേജ് ടൂറിസം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ്

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ ബഹുസ്വര പൈതൃകത്തിന്റെയും നവോത്ഥാന ചരിത്രത്തിന്റെയും സുപ്രധാന അടയാളമായ താനൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന നരിമട ബുദ്ധാശ്രമത്തെ സംരക്ഷിക്കുന്നതിനും ഹെറിറ്റേജ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നരിമട ബുദ്ധാശ്രമം ഹെറിറ്റേജ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം ടൂറിസം വകുപ്പ് മുഖേന പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(ബി)** താനൂർ നരിമട ബുദ്ധാശ്രമം പുരാവസ്തു വകുപ്പ് വിശദമായി പഠിച്ച് ചരിത്രസ്മാരകമായി പ്രഖ്യാപിക്കുമോ;വ്യക്തമാക്കാമോ;

**<u>മറുപടി:</u>** താനൂരിലെ ബുദ്ധ ആരാധനാ സ്ഥാനം പുരാവസ്തു വകുപ്പ് പരിശോധിച്ചിട്ടുള്ളതാണ്. പ്രകൃതിദത്തമായ ഗുഹ ഒരു ആരാധനാ സ്ഥാനമായി മാറ്റിയിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ ഗുഹയിൽ ആരാധിച്ചതായി കരുതപ്പെടുന്ന ബുദ്ധ വിഗ്രഹത്തിന് നൂറു വർഷത്തിലധികം പഴക്കമില്ലാത്തതിനാലും നൂറു വർഷത്തിലധികം പഴക്കമുള്ള പുരാവശേഷിപ്പുകളൊന്നും തന്നെ പരിശോധനയിൽ ലഭ്യമാകാത്തതിനാലും ഇത് താരതമ്യേന പുതിയ ആരാധനാ കേന്ദ്രമാണെന്നാണ് നിഗമനം. നൂറു വർഷത്തിലധികം പഴക്കമില്ലാത്തതിനാലും, പുരാതത്വപരമായ പ്രാധാന്യ മില്ലാത്തതിനാലും 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം ഈ സ്മാരകം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ യോഗ്യമല്ല. പ്രദേശത്തെ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം ടൂറിസം വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**(സി)** സ്ഥലത്തിന്റെ ചരിത്ര-പുരാവസ്തു പ്രാധാന്യം സംബന്ധിച്ച് ശാസ്ത്രീയ സർവേയും രേഖപ്പെടുത്തലും നടത്തുകയും,ബുദ്ധപ്രതിമയുടെ അവശിഷ്ടങ്ങൾ സംരക്ഷിച്ച് പ്രദർശിപ്പിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും പ്രദേശത്തെ പൈതൃക-ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തി വികസന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ;വ്യക്തമാക്കാമോ?

**<u>മറുപടി:</u>** താനൂരിലെ ബുദ്ധ ആരാധനാ സ്ഥാനം പുരാവസ്തു വകുപ്പ് പരിശോധിച്ചിട്ടുള്ളതാണ്. പ്രകൃതിദത്തമായ ഗുഹ ഒരു ആരാധനാ സ്ഥാനമായി മാറ്റിയിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ഈ ഗുഹയിൽ ആരാധിച്ചതായി കരുതപ്പെടുന്ന ബുദ്ധ വിഗ്രഹത്തിന് നൂറു വർഷത്തിലധികം പഴക്കമില്ലാത്തതിനാലും നൂറു വർഷത്തിലധികം പഴക്കമുള്ള പുരാവശേഷിപ്പുകളൊന്നും തന്നെ പരിശോധനയിൽ ലഭ്യമാകാത്തതിനാലും ഇത് താരതമ്യേന പുതിയ ആരാധനാ കേന്ദ്രമാണെന്നാണ് നിഗമനം. നൂറു വർഷത്തിലധികം പഴക്കമില്ലാത്തതിനാലും, പുരാതത്വപരമായ പ്രാധാന്യ മില്ലാത്തതിനാലും 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട് പ്രകാരം ഈ സ്മാരകം സംരക്ഷിത സ്മാരകമായി പ്രഖ്യാപിക്കാൻ യോഗ്യമല്ല. പ്രദേശത്തെ പൈതൃക ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വികസന പദ്ധതികൾ ആവിഷ്കരിക്കുന്ന വിഷയം ടൂറിസം വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**